ഔഷധ കൃഷി വികസന പദ്ധതി

15 (*522) ശ്രീമതി എൻ. കെ. രാധ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ ഔഷധകൃഷി വികസിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ ജില്ലകളിലാണ് ഔഷധകൃഷി വികസനപദ്ധതി നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഔഷധകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലുള്ള ഔഷധകൃഷി വികസന പരിപാടിയുടെ നടത്തിപ്പിൽ ഗ്രാമപഞ്ചായത്തുകൾ എന്തെങ്കിലും പങ്കു വഹിക്കുന്നുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഔഷധകൃഷിയിലേർപ്പെട്ടിരിക്കുന്നവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ജി) ഔഷധസസ്യം, ഔഷധ വൃക്ഷം എന്നിവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയെ സംബന്ധിച്ച് ശാസ്ത്രീയ വിവരങ്ങൾ കർഷകർക്ക് നല്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ടോ ;

(എച്ച്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഐ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ & ബി) ഉണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഔഷധസസ്യകൃഷി വികസന പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിപ്രകാരം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനും 0.05 ഹെക്ടർ വീതമുള്ള പ്രദർശന തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനും 1500 രൂപ വീതം 600 കർഷകർക്ക് ധനസഹായം നൽകുന്നു. കൂടാതെ ഔഷധസസ്യങ്ങളുടെ വ്യാപനത്തിന് ഹെക്ടറിന് 12500 രൂപയുടെ ധനസഹായം കർഷകർക്ക് നല്കുന്നു. തോട്ടം വച്ചുപിടിപ്പിക്കുന്നതിന് വരുന്ന ചെലവിന്റെ (ഉദ്ദേശം 50,000 രൂപ) 25% ആണ് ധനസഹായമായി നല്കുന്നത്. ഇപ്രകാരം 4 ഹെക്ടറിലേക്കുള്ള ആനുകൂല്യം നല്കുന്നുണ്ട്.

(ഇ) ഉണ്ട്. ഗുണോഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അഭിപ്രായം പരിഗണിക്കുന്നുണ്ട്.

(എഫ്) ഇപ്പോൾ നിലവിലില്ല.

(ജി & എച്ച്) കാർഷിക സർവ്വകലാശാലയിൽ പരിശീലനം നല്കുന്നു.

(ഐ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിന് നിലവിലുള്ള പദ്ധതി സഹായിക്കുന്നു.

തിരുവനന്തപുരത്ത് മെട്രോ ട്രെയിൻ സർവ്വീസ്

16 (*523) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് മെട്രോ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനാവശ്യമായ സർവ്വേ നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ-സി) തിരുവനന്തപുരം നഗരത്തിലെ ഗതാഗത തടസത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി തിരുവനന്തപുരം നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും 2020 വരെയുള്ള ഗതാഗത ആവശ്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടും ഏതെല്ലാം ഗതാഗത സമ്പ്രദായങ്ങൾ ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കഴിയുന്നതിനെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ സിഇഎസ് ഇന്ത്യ ലിമിറ്റഡ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും അവർ പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly